**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് & ഗ്രാമവികസനം - ജീവനക്കാര്യം -ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ ക്ലർക്കായിരുന്ന ശ്രീ.എം.സുഭാഷിനെതിരെയുള്ള അച്ചടക്ക നടപടി- സസ്പെൻഷൻ കാലം ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർബി) വകുപ്പ്**

**സ.ഉ (സാധാ) നം.14[illegible]5/2016/തസ്വഭവ. തിരുവനന്തപുരം, തീയതി; 13.04.2016.**

---

പരാമർശം; - 1. 11.10.2013 ലെ സ.ഉ.(സാധാ) നം.2531/2013/തസ്വഭവ, നമ്പർ ഉത്തരവ്.
2. 19.5.2014 ലെ സ.ഉ.(സാധാ) 1198/2014/തസ്വഭവ നമ്പർ ഉത്തരവ്.
3. 1.12.2014 ലെ സ.ഉ.(സാധാ) 3151/2014/തസ്വഭവ നമ്പർ ഉത്തരവ്.
4. 21.12.2014-ൽ ശ്രീ.എം.സുഭാഷ് സമർപ്പിച്ച അപേക്ഷ.
5. ഗ്രാമവികസന കമ്മീഷണറുടെ 9.1.2015 ലെ 21556/എസ്റ്റാഎ 2/2013/ സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ 2012-13 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള പ്രിന്റിംഗിൽ അഴിമതി നടന്നതായിട്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ 13.8.2013 ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ പരിശോധനാ സമയത്ത് ബ്ലോക്ക് പഞ്ചായത്തിലെ എൽ.ഡി.ക്ലാർക്കായിരുന്ന ശ്രീ.എം.സുഭാഷ് മദ്യപിച്ചിരുന്നുവെന്നും ഡ്യൂട്ടി സമയത്തുള്ള ആൾക്കഹോൾ ഉപയോഗം ഗുരുതരമായ വീഴ്ചയാണെന്നും, ആയതിനാൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുവാൻ ഡയറക്ടർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു.

പരാമർശം (2)ലെ ഉത്തരവ് പ്രകാരം ടിയാനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും പരാമർശം (3) പ്രകാരം ടിയാനെതിരെയുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേയ്ക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കുകയുമുണ്ടായി. ശ്രീ.എം.സുഭാഷ്, തന്റെ സസ്പെൻഷൻ കാലം ക്രമീകരിച്ച

നൽകണമെന്നപേക്ഷിച്ച് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് സർക്കാരിലേയ്ക്ക് അയച്ചു തന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ ക്ലർക്കായിരുന്ന ശ്രീ.എം.സുഭാഷിന്റെ 11.10.2013 മുതൽ 18.05.2014 വരെയുള്ള സസ്പെൻഷൻ കാലം ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി മറ്റെല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായും, 19.5.2014 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ച 27.05.2014 വരെയുള്ള ഇടവേള, കെ.എസ്.ആർ.ഭാഗം 56 B (9)നു താഴെയുള്ള കുറിപ്പ് 2 പ്രകാരം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡേവിഡ് മിൽട്ടൺ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.എം.സുഭാഷ്, മുൻ എൽ.ഡി ക്ലാർക്ക്, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പാൾ, വികസന പരിശീലനകേന്ദ്രം കൊട്ടാരക്കര.
✓ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ